(ബി ആന്റ് സി) പല തരത്തിലുള്ള പ്രശ്നങ്ങൾ ഉള്ളതുകൊണ്ടാണ് അംഗീകാരം നൽകാൻ വൈകിയത്. അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതുകൊണ്ടും നിയമനങ്ങൾക്കെതിരെ കേസ്സ് കോടതിയിൽ നിലനിൽക്കുന്നതുകൊണ്ടും കേരളത്തിനുപുറത്തുള്ള സർട്ടിഫിക്കറ്റുകളുടെ തുല്യതാ സർട്ടിഫിക്കറ്റും കേരളത്തിലുള്ള ഏതെങ്കിലും യൂണിവേഴ്സിറ്റി നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കാത്തതുകൊണ്ടും സെറ്റ് പരീക്ഷ ജയിച്ചിട്ടില്ലാത്തതുകൊണ്ടും മറ്റുമാണ് 38 പേരുടെ നിയമനാംഗീകാരത്തിനു തടസ്സം നേരിട്ടത്.

(ഡി) സ്കൂളുകളുടെ ലിസ്റ്റും അദ്ധ്യാപകരുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നത് കാണുക.

(ഇ) ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്ന നടപടി പൂർത്തിയാക്കുന്നതാണ്.

മലപ്പുറം, കൊല്ലം ജില്ലകളിൽ എച്ച്. എസ്.എ. (മലയാളം) നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ്

127 [3307] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

,, ജോർജ് ജെ. മാത്യു:

,, തമ്പാനൂർ രവി:

,, എ. പി. അനിൽകുമാർ:

,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കൊല്ലം ജില്ലകളിൽ എച്ച്. എസ്. എ. (മലയാളം) നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; ഇതിൽനിന്നും എത്ര പേരെ വീതം നിയമിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര വേക്കൻസികൾ വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഈ ലിസ്റ്റ് നിലവിൽ വന്നശേഷം എച്ച്. എസ്. എ. മലയാളത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ ആളിനെ നിയമിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ നിയമാനുസരണമല്ലാത്ത നിയമനം നടത്തിയവർക്ക് എതിരെ നടപടി എടുക്കുമോ;

(ഇ) പ്രസ്തുത ജീവനക്കാരെ പിരിച്ചു വിട്ട് പി.എസ്.സി.-യുടെ ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലപ്പുറം, കൊല്ലം ജില്ലകളിൽ എച്ച്. എസ്. എ. (മലയാളം) റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ബി) സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയാക്കി തസ്തികകളുടെ എണ്ണം കണക്കാക്കിയതിന് ശേഷം മാത്രമേ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ കണക്കാക്കാനാവൂ.

(സി) ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തപ്പോഴാണ് ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചത്.

(ഇ) പി.എസ്.സി. മുഖേന നിയമനം ലഭിക്കുന്നവർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നവരെ പിരിച്ചുവിടുന്നതാണ്.

പയ്യനല്ലൂർ ഗവൺമെന്റ് ഹൈസ്ക്കൂളിൽ വി. എച്ച്. എസ്. ഇ. കോഴ്സ് അനുവദിക്കാൻ നടപടി

128 [3308] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജക മണ്ഡലത്തിലെ പയ്യനല്ലൂർ ഗവൺമെന്റ് ഹൈസ്ക്കൂളിൽ വി.എച്ച്.എസ്.ഇ. കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എങ്കിൽ ഈ കോഴ്സ് എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ കോഴ്സിനുള്ള കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഗ്രാന്റിന്റെ അനുപാതം വിശദമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭ്യമായെങ്കിൽ മാത്രമേ വി. എച്ച്. എസ്. ഇ. കോഴ്സുകൾ ഏതെല്ലാം സ്കൂളുകളിൽ ആരംഭിക്കണമെന്നു പരിശോധിക്കാൻ കഴിയൂ.

(സി) വൊക്കേഷണൽ വിഷയങ്ങളുടെ നടത്തിപ്പിന്റെ 75 ശതമാനം കേന്ദ്ര ഗവൺമെന്റും 25 ശതമാനം സംസ്ഥാന ഗവൺമെന്റുമാണ് വഹിക്കുന്നത്. എന്നാൽ, നോൺ വൊക്കേഷണൽ വിഷയങ്ങളുടെ മൊത്തം ചെലവും സംസ്ഥാന ഗവൺമെന്റാണ് വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly